Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
TO SERVE IN TRUTH AND LOVE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release
*Ref: 255/POC/K-6//DS* 21.11.2016

## കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം സഭയ്ക്ക് ലഭിച്ച സമ്മാനം: ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

കൊച്ചി: കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം ആഗോളസഭയിലുണ്ടായ ഏറ്റവും വലിയ ആത്മീയ മുന്നേറ്റമാണെന്ന് വരാപ്പുഴ അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പറഞ്ഞു. കരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് പാലാരിവട്ടം പി.ഒ.സി യിൽ നടന്ന ജൂബിലി അസംബ്ലി ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവം ഈ കാലഘട്ടത്തിൽ കേരളസഭയെ അനുഗ്രഹിച്ചത് കരിസ്മാറ്റിക് നവീകരണത്തിലൂടെയാണെന്ന് പിതാവ് ഓർമ്മിപ്പിച്ചു. സഭയുടെ ചരിത്രത്തിലെ മർമ്മ പ്രധാനസംഭവമായ രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയിലും സമൂഹത്തിലും കൊണ്ടുവന്ന ചലനാത്മകമായ മാറ്റങ്ങളെ സഭയിലേക്ക് കൊണ്ടുവന്നത് ഈ നവീകരണ മുന്നേറ്റമാണെന്ന് പിതാവ് കൃതജ്ഞതയോടെ ഓർമ്മിപ്പിച്ചു. കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. വർഗ്ഗീസ് വള്ളികാട്ട് അദ്ധ്യക്ഷം വഹിച്ച് കൊണ്ട് കരിസ്മാറ്റിക് നവീകരണം പ്രേഷിത ദൗത്യമാണ് നിറവേറ്റുന്നതെന്ന് പറഞ്ഞു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വൈദീകരും സന്യസ്തരും അത്മായ നേതാക്കളുമടക്കം 270 പേർ ഈ ജൂബിലി അസംബ്ലിയിൽ പങ്കെടുക്കുന്നുണ്ട്. 7 വിഷയങ്ങളിലായി 21 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുന്ന സമ്മേളനത്തിൽ കരിസ്മാറ്റിക് നവീകരണത്തിന്റെ ആനുകാലിക പ്രസക്തിയെക്കുറിച്ചുള്ള ചർച്ചകൾ നടക്കും. ലോക്സഭാ സെക്രട്ടറിയും നവീകരണ മുന്നേറ്റത്തിന്റെ ദേശീയ ചെയർമാനുമായ ശ്രീ. സിറിൽ ജോൺ ആമുഖപ്രഭാഷണം നടത്തി. ഉദ്ഘാടന സമ്മേളനത്തിന് കേരള കരിസ്മാറ്റിക് നവീകരണ ചെയർമാൻ റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ സ്വാഗതവും സെക്രട്ടറി സെബാസ്റ്റ്യൻ താന്നിക്കൽ നന്ദിയും പറഞ്ഞു. ഇരുപത്തിമൂന്നാം തീയതി സമാപിക്കുന്ന ജൂബിലി അസംബ്ലി, നവീകരണമുന്നേറ്റത്തിന് ഭാവിയിൽ ഉണ്ടാകേണ്ട രൂപമാറ്റത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഡോക്കുമെന്റ് പ്രസാധനം ചെയ്യും.

**ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ OFM Cap**

സെക്രട്ടറി, കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ

ഫോട്ടോ മാറ്റർ:

കരിസ്മാറ്റിക് നവീകരണ ജൂബിലി അസംബ്ലി ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. സിറിൽ ജോൺ, റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ, റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, റവ. ഡോ. കുര്യൻ മറ്റം തുടങ്ങിയവർ സമീപം